# കേരള സംഗീത നാടക അക്കാദമി, തൃശൂർ-20.

## പ്രൊഫഷണൽ നാടകങ്ങൾക്കുള്ള സംസ്ഥാന അവാർഡ് - 2023

## നിയമാവലി

1 ഈ ചട്ടങ്ങൾ കേരള സംസ്ഥാന മലയാള പ്രൊഫഷണൽ നാടകങ്ങൾക്കായുള്ള അവാർഡ് ചട്ടങ്ങൾ എന്ന പേരിൽ അറിയപ്പെടും.

2 സാമൂഹികമായും സാംസ്കാരികമായും ഉന്നത നിലവാരം പുലർത്തുകയും തികഞ്ഞ ലക്ഷ്യ ബോധം നിലനിർത്തുകയും ചെയ്യുന്ന കലാമേന്മയും സാങ്കേതികനിലവാരവും ഉയർത്തിപ്പിടിക്കുന്ന പ്രൊഫഷണൽ നാടകങ്ങൾക്ക് പ്രോത്സാഹനം നൽകുകയാണ് ഈ അവാർഡുകളുടെ ലക്ഷ്യം.

3 ഈ ചട്ടങ്ങളനുസരിച്ച് നൽകുന്ന അവാർഡുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഏറ്റവും മികച്ച നാടകാവതരണത്തിന് നാടകസംഘം മാനേജർ/ സെക്രട്ടറിക്ക് ശിൽപ്പവും പ്രശംസാപത്രവും 50,000 രൂപയും.
2. മികച്ച രണ്ടാമത്തെ നാടകാവതരണത്തിന് നാടകസംഘം മാനേജർ/ സെക്രട്ടറിക്ക് ശിൽപ്പവും പ്രശംസാപത്രവും 30,000 രൂപയും.
3. ഏറ്റവും മികച്ച സംവിധായകന് ശിൽപ്പവും പ്രശംസാപത്രവും 30,000 രൂപയും.
4. മികച്ച രണ്ടാമത്തെ സംവിധായകനുള്ള ശിൽപ്പവും പ്രശംസാപത്രവും 20,000 രൂപയും.
5. ഏറ്റവും മികച്ച നാടകകൃത്തിന് ശിൽപ്പവും പ്രശംസാപത്രവും 30,000 രൂപയും.
6. മികച്ച രണ്ടാമത്തെ നാടകകൃത്തിന് ശിൽപ്പവും പ്രശംസാപത്രവും 20,000 രൂപയും.
7. ഏറ്റവും മികച്ച നടന് ശിൽപ്പവും പ്രശംസാപത്രവും 25,000 രൂപയും.
8. മികച്ച രണ്ടാമത്തെ നടന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
9. ഏറ്റവും മികച്ച നടിക്ക് ശിൽപ്പവും പ്രശംസാപത്രവും 25,000 രൂപയും.
10. മികച്ച രണ്ടാമത്തെ നടിക്ക് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
11. ഏറ്റവും മികച്ച ഗായകന് ശിൽപ്പവും പ്രശംസാപത്രവും 10,000 രൂപയും.
12. ഏറ്റവും മികച്ച ഗായികക്ക് ശിൽപ്പവും പ്രശംസാപത്രവും 10,000 രൂപയും.
13. ഏറ്റവും മികച്ച സംഗീത സംവിധായകന് ശില്പവും പ്രശംസാപത്രവും 15,000 രൂപയും.
14. ഏറ്റവും മികച്ച ഗാനരചയിതാവിന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
15. ഏറ്റവും മികച്ച രംഗപട സംവിധായകന് ശിൽപ്പവും പ്രശംസാപത്രവും 20,000 രൂപയും.
16. ഏറ്റവും മികച്ച ദീപ സംവിധാനത്തിന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
17. ഏറ്റവും മികച്ച വസ്ത്രാലങ്കാരം രൂപകല്പന ചെയ്യുന്ന ആൾക്ക് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
18. ഏറ്റവും മികച്ച പശ്ചാത്തല സംഗീത സംവിധായകന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും
19. ഏറ്റവും മികച്ച ശബ്ദലേഖകന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും

4 ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന സെക്രട്ടറി, മാനേജർ, സംവിധായകൻ, നടൻ, നടി, നാടകകൃത്ത്, ഗായകൻ, ഗായിക, സംഗീത സംവിധായകൻ, ഗാനരചയിതാവ്,രംഗപടം സംവിധായകൻ, ദീപസംവിധായകൻ, വസ്ത്രാലങ്കാരം രൂപകല്പന ചെയ്യുന്ന ആൾ, പശ്ചാത്തല സംഗീത സംവിധായകൻ, ശബ്ദലേഖകൻ എന്നീ സംജ്ഞകൾ അപേക്ഷകൻ സാക്ഷ്യപ്പെടുത്തി ഒപ്പിട്ടു സമർപ്പിച്ച പ്രവേശന ഫോറത്തിലുള്ള അതേ സംജ്ഞകളെ പരാമർശിക്കുന്നതായി കണക്കാക്കപ്പെടും.

5 സ്വതന്ത്രമായ നാടക രചനയല്ലാതെ, മറ്റേതെങ്കിലും കൃതിയുടെയോ, ആവിഷ്കാരങ്ങളുടെയോ, അഡാപ്റ്റേഷനുകളിലൂടെയോ തയ്യാറാക്കിയതാണെങ്കിൽ മൂലകൃതിയുടെ രചയിതാവിന്റെ/അവകാശിയുടെ

സമ്മതപത്രം ഹാജരാക്കേണ്ടതാണ്.ആയതിന് എന്തെങ്കിലും സാങ്കേതികതടസ്സം നേരിട്ടാൽ പകർപ്പാവകാശം സംബന്ധിച്ച് നിയമപരമായി ഉണ്ടാകുന്ന പ്രശ്നങ്ങളുടെ പരിപൂർണ്ണ ഉത്തരവാദിത്വം നാടക സംഘം ഏറ്റെടുക്കുന്നതാണെന്ന് കാണിച്ചുകൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്.

6 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ആദ്യമായി അവതരിപ്പിച്ചിട്ടുള്ള നാടകമാണെന്ന് തെളിയിക്കുന്നതിന് ആവശ്യമായ സാക്ഷ്യപത്രങ്ങളും രേഖകളും ഉള്ള നാടകസംഘങ്ങൾക്കു മാത്രമേ അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

7 ഒരു നാടകസംഘത്തിന്റെ ഒരു നാടകം മാത്രമേ മൽസരത്തിന് പരിഗണിക്കുകയുള്ളൂ.

8 അപേക്ഷയോടൊപ്പം താഴെപ്പറയുന്നവ സമർപ്പിക്കേണ്ടതാണ്.

1. സ്ക്രിപ്റ്റിന്റെ അഞ്ച് കോപ്പി. (ഡി.ടി.പി. ചെയ്തത്)
2. 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ആദ്യമായി നാടകം അവതരിപ്പിച്ചതിന്റെ രേഖ.
3. നാടകത്തിന്റെ പെൻ ഡ്രൈവ്
4. നാടക കൃത്തിന്റെ സമ്മതപത്രം.
5. നാടകസംഘത്തിന്റെ അക്കാദമി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

9 അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ സ്ക്രിപ്റ്റിന്റെ കൂടെ അടക്കം ചെയ്യാതെ അപേക്ഷാ ഫോറത്തോടൊപ്പം ഹാജരാക്കേണ്ടതാണ്.

10 നാടകത്തിന്റെ സ്ക്രിപ്റ്റ്, പെൻ ഡ്രൈവ് എന്നിവ പരിശോധിച്ച് നാടകം തെരഞ്ഞെടുക്കുന്നതിനും, തെരഞ്ഞെടുത്ത നാടകങ്ങൾ വീക്ഷിച്ച് അവാർഡ് നിർണ്ണയിക്കുന്നതിനും നാല് പേരടങ്ങുന്ന വിദഗ്ധ സമിതിയെ നിയോഗിക്കുന്നതാണ്. കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയായിരിക്കും കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി. സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറി നിയോഗിക്കുന്ന അക്കാദമി അംഗമായിരിക്കും മെമ്പർ സെക്രട്ടറി. പത്തിൽ കൂടാത്ത നാടകങ്ങളാണ് മത്സരത്തിനായി തെരഞ്ഞെടുക്കുന്നത്,

11 നാടകാവതരണത്തിന് തിരഞ്ഞെടുക്കുന്ന സമിതികൾ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. നാടകസംഘത്തിലെ കഥാപാത്രത്തിന്റേയും നടീ നടൻമാരുടേയും പേരും അഡ്രസ്സും ഫോൺ നമ്പറും.
2. നാടകസംഘത്തിലെ പിന്നണിയിൽ പ്രവർത്തിക്കുന്നവരുടെ പേരും അഡ്രസ്സും ഫോൺ നമ്പറും.
3. നാടകത്തിലെ ഗാനങ്ങളുടെ വരികളുടെ 5 കോപ്പിയും ആലാപനത്തിന്റെ പെൻ ഡ്രൈവും.
4. നാടകത്തിലെ പ്രധാന കഥാപാത്രങ്ങളുടേയും പിന്നണിയിലെ കലാകാരൻമാരുടേയും ഫോട്ടോസ് സ്കാൻ ചെയ്ത് മത്സരിക്കുന്ന വിഭാഗവും കലാകാരരുടെ പേരും ഉൾപ്പെടെ പെൻഡ്രൈവിൽ നൽകേണ്ടതാണ്. (3, 4 എന്നിവ ഒരേ പെൻഡ്രൈവിൽ സമർപ്പിച്ചാൽ മതി)

12 അക്കാദമിയിൽ ഹാജരാക്കുന്ന സ്ക്രിപ്റ്റ്, പെൻ ഡ്രൈവ് എന്നിവ തിരികെ ലഭിക്കുന്നതല്ല.

13 അവാർഡ് നിർണ്ണയത്തെ സ്വാധീനിക്കുവാൻ ഏതെങ്കിലും മാർഗ്ഗത്തിൽ നടത്തുന്ന പരിശ്രമം അപേക്ഷയെ അസാധുവാക്കുന്നതും അവാർഡിന് അയോഗ്യമാക്കുന്നതുമായിരിക്കും.

14 അവാർഡിനായി അവതരിപ്പിക്കപ്പെടുന്ന നാടകങ്ങളുമായി ഏതെങ്കിലും തരത്തിൽ പങ്കാളിത്തമോ ബന്ധമോ ഉള്ള ഒരു വ്യക്തിയും ജഡ്ജിംഗ് കമ്മിറ്റിയിൽ അംഗമാകാൻ പാടില്ല.

15 ഏതെങ്കിലും വിഭാഗത്തിന് അർഹതയില്ലെന്ന് തോന്നുകയാണെങ്കിൽ ആ അവാർഡ് നൽകേണ്ടതില്ലെന്ന് ശുപാർശ ചെയ്യാൻ ജഡ്ജിംഗ് കമ്മിറ്റിക്ക് വിവേചനാധികാരമുണ്ടായിരിക്കും.

16 ഈ ചട്ടങ്ങളുടെ വ്യാഖ്യാനവും നാടക അവാർഡുകളും സംബന്ധിച്ച് കേരള സംഗീത നാടക അക്കാദമിയുടെ തീരുമാനം അന്തിമമായിരിക്കും. ഈ തീരുമാനങ്ങൾക്കെതിരെ അപ്പീൽ ഉണ്ടായിരിക്കുകയില്ല.

17 മലയാള പ്രൊഫഷണൽ നാടകങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന അവാർഡു മത്സരത്തിൽ പങ്കെടുക്കുന്ന ഏതൊരു വ്യക്തിയും ഈ ചട്ടങ്ങൾ അംഗീകരിക്കുന്നതായി കരുതപ്പെടും. സെക്രട്ടറി/മാനേജർ ഉത്തരവാദിയായിരിക്കും.

18 പ്രതിലോമകരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന നാടകങ്ങൾ പരിഗണിക്കുന്നതല്ല.

19 നിശ്ചിതതീയതിക്കും സമയത്തിനും നാടകം അവതരിപ്പിക്കേണ്ട ഉത്തരവാദിത്തം നാടകസംഘങ്ങളുടേതായിരിക്കും. ഇതിൽ വീഴ്ച വരുത്തുന്നതുമൂലം അക്കാദമിക്കുണ്ടാകുന്ന നഷ്ടത്തിന് നാടകസംഘം സെക്രട്ടറി / മാനേജർ ഉത്തരവാദിയായിരിക്കും.

20 മത്സരത്തിൽ പങ്കെടുക്കുന്ന നാടകട്രൂപ്പിന് അവതരണ ചെലവായി 40,000 രൂപ നൽകുന്നതാണ്.

21 നാടകാവതരണത്തിന് ആവശ്യമായ ജനറേറ്റർ സംവിധാനം അക്കാദമി ഏർപ്പെടുത്തുന്നതാണ്.

22 കേരള സംഗീത നാടക അക്കാദമി തീരുമാനിക്കുന്ന സ്ഥലത്തും സമയത്തും തീയതിക്കും സംഘടിപ്പിക്കുന്ന ചടങ്ങിൽ വിജയികൾക്ക് അവാർഡുകൾ വിതരണം ചെയ്യുന്നതായിരിക്കും. മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന നാടകം പുരസ്കാര സമർപ്പണത്തോടനുബന്ധിച്ച് അവതരിപ്പിക്കേണ്ടതാണ്. ആയതിന് ഒരു നിശ്ചിത തുക പ്രതിഫലം അനുവദിക്കുന്നതായിരിക്കും.

23 തെരഞ്ഞെടുക്കപ്പെടുന്ന ഏതെങ്കിലും നാടകസംഘത്തിന് പ്രസ്തുതദിവസം അവതരണം നടത്താൻ സാധ്യമാകാതെ വന്നാൽ പകരം മറ്റൊരു തീയതി അനുവദിക്കുന്നതല്ല.

24 ഈ നിയമാവലിയിലെ ഏതെങ്കിലും വകുപ്പിനെ സംബന്ധിച്ച് തർക്കം ഉത്ഭവിക്കുന്നപക്ഷം അവസാന വിധി പറയാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി നിർവ്വാഹക സമിതിക്കായിരിക്കും. നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

25 നാടകാവതരണത്തെ സംബന്ധിച്ച് വല്ല വ്യവഹാരവും ഉത്ഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമപരമായ അധികാരപരിധി തൃശ്ശൂർ കോർപ്പറേഷനായിരിക്കും.

26 കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരമുള്ള പ്രൊഫഷണൽ നാടകസംഘങ്ങൾക്ക് മാത്രമേ അപേക്ഷ നൽകുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

-----------------

കരിവെള്ളൂർ മുരളി

സെക്രട്ടറി

## കേരള സംഗീത നാടക അക്കാദമി, തൃശൂർ-20.

## പ്രൊഫഷണൽ നാടകങ്ങൾക്കുള്ള സംസ്ഥാന അവാർഡ് - 2023

### അപേക്ഷാ ഫോറം

| | | |
|---|---|---|
| 1. | അപേക്ഷിക്കുന്ന നാടകസംഘത്തിന്റെ പേരും പൂർണ്ണമായ മേൽവിലാസവും | |
| 2. | ഫോൺ നമ്പർ, ഇമെയിൽ | |
| 3. | നാടകത്തിന്റെ പേര് | |
| 4. | നാടകസംഘം മാനേജരുടെ/സെക്രട്ടറിയുടെ പേരും പൂർണ്ണമായ മേൽവിലാസവും | |
| 5. | സംവിധായകന്റെ പേരും പൂർണ്ണമായ മേൽവിലാസവും | |
| 6. | നാടകകൃത്തിന്റെ പേരും പൂർണ്ണമായ മേൽവിലാസവും | |
| 7. | ആദ്യമായി നാടകം അവതരിപ്പിച്ച സ്ഥലവും തീയതിയും | |
| 8. | നാടകസംഘം രജിസ്റ്റർ ചെയ്ത തീയതിയും രജിസ്ട്രേഷൻ നമ്പരും. (അക്കാദമി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുക) | |
| 9. | പ്രൊഫഷണൽ വേദിയിൽ അവതരിപ്പിക്കാൻ നാടകകൃത്ത് നൽകിയ സമ്മതപത്രം ഉള്ളടക്കം ചെയ്യുക | |

നിയമാവലിയിലെ വ്യവസ്ഥകൾ അനുസരിച്ച് കേരള സംഗീത നാടക അക്കാദമി നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഞങ്ങളുടെ നാടകം അവതരിപ്പിച്ചു കൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

നാടകസമിതിക്കുവേണ്ടി

സീൽ

സെക്രട്ടറിയുടെ പേരും
ഒപ്പും:

പൂർണ്ണമായ മേൽവിലാസവും :

സ്ഥലം :
തീയതി: